പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2852 **29-10-2026-ൽ മറുപടിയ്ക്ക്**

വൈറ്റ് ടോപ്പിംഗ് റോഡ് നിർമ്മാണ രീതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജി. സുധാകരൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) മുപ്പത് വർഷം വരെ കേടുകൂടാതെ കിടക്കുന്ന വൈറ്റ് ടോപ്പിംഗ് റോഡ് നിർമ്മാണ രീതി സംസ്ഥാനത്ത് വ്യാപകമാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകാമോ?

മറുപടി: ആലപ്പുഴ ജില്ലയിൽ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 7.20 കി.മീ നീളത്തിൽ 24.50 കോടി രൂപ ചെലവിൽ വൈറ്റ് ടോപ്പിംഗ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. വൈറ്റ് ടോപ്പിംഗ് നിർമ്മാണ ചെലവ് കൂടുതലായതിനാൽ PWD റോഡുകളിൽ ഫണ്ട് ലഭ്യത അനുസരിച്ച് പഠനങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾക്ക് MoRTH-ൽ നിന്നാണ് അനുമതി നൽകുന്നത്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളിൽ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടില്ല. കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശം ലഭിക്കുന്ന പ്രകാരം പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് പരിഗണിക്കാവുന്നതാണ്

സെക്ഷൻ ഓഫീസർ